# ഒരു സുഹൃത്തിന്റെ അഭിനന്ദനം

ഡാ. കെ. ഭാസ്കരൻ നായർ
(റിട്ടയേർഡ് ഡയറക്ടർ ഓഫ് കോളജിയേററ് എഡ്യൂക്കേഷൻ)

എന്റെ മാന്യസുഹൃത്തായ ഫാദർ കഞ്ചെറിയയെ അദ്ദേഹത്തിനു ലഭിച്ച ബഹുമതിയിൽ അഭിനന്ദിച്ചുകൊണ്ടു് ഈ വാക്കുകൾ എഴുതുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. അച്ചടക്കം നശിച്ചു് പരിപൂർണ്ണമായി അധഃപതിച്ച ഒരു വിദ്യാലയത്തെ ഉദ്ധരിച്ചു് ഈ പ്രദേശത്തെ ഏററവും നല്ല സ്കൂളുകളിൽ ഒന്നായി പരിവർത്തനം ചെയ്ത നിസ്തുലസേവനത്തിനാണു് അദ്ദേഹത്തെ ഞാൻ ബഹുമാനിക്കുന്നതു്. സ്കൂളും വിദ്യാഭ്യാസമേഖലയുമായി എനിക്കുള്ള പരിചയം പരിമിതമാകയാൽ അദ്ദേഹത്തിന്റെ അദ്ധ്യാപകജീവിതത്തിലെ മററു നേട്ടങ്ങളെപ്പററി ആധികാരികമായി എന്തെങ്കിലും പറയുവാൻ എനിക്കു കഴിവില്ല. പക്ഷെ മുൻപറഞ്ഞ കാര്യം ഈ തിരുവനന്തപുരത്തു് കണ്ണുതുറന്നു ജീവിക്കുന്ന ഏതു മനുഷ്യനും ബോദ്ധ്യമായിട്ടുള്ള വസ്തുതയാണു്. സ്കൂളിനു മാത്രമല്ല നഗരത്തിലെ സാധാരണ ജീവിതത്തിനും ഇതൊരു മഹാഭാഗ്യമായി എന്നു് വിവരവും വിവേകവും ഉള്ള ഏവരും സമ്മതിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസമണ്ഡലത്തിൽ അതിഭയങ്കരമായ അരാജകത്വം കാട്ടുതീപോലെ പടർന്നുപിടിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിലാണു് ഫാദർ കഞ്ചെറിയാ ഈ മഹാത്ഭുതം സാധിച്ചതു്. ഈ അഗ്നിപ്രളയത്തിന്റെ നടുവിൽ എങ്ങിനെയാണു് അദ്ദേഹം ശാന്തമായ ഒരു ശാദ്വലഭൂമി സൃഷ്ടിച്ചു് സംരക്ഷിച്ചതെന്നു് ഞാൻ വിസ്മയിച്ചിട്ടുണ്ടു്. അതിന്റെ രഹസ്യം എന്തായാലും, ഒരു കാര്യം സ്പഷ്ടമാണു്. ''വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും''. ഇന്നും, അരാജകത്വത്തിന്റെ ഈ ഉരുംപൊട്ടലിലും, നമ്മുടെ വിദ്യാലയങ്ങളെയും കലാശാലകളെയും സർവ്വകലാശാലകളെയും ഉദ്ധരിക്കുവാൻ സാധിക്കും — വേണമെങ്കിൽ !

വേണമെന്നു് വിചാരമുള്ളവർ വേണ്ടുവോളമുണ്ടു്. നമ്മുടെ ജനങ്ങളിൽ ഭൂരിപക്ഷവും അങ്ങിനെയുള്ളവരാണെന്നും എനിക്കു വിശ്വാസമുണ്ടു്. മുതിർന്ന ജനങ്ങൾ മാത്രമല്ല, ഭൂരിപക്ഷം വിദ്യാർത്ഥികളും ഇങ്ങനെ നന്മയിൽ കൊതിയുള്ളവരാണു്; പഠിത്തം മുടങ്ങുന്നതിൽ സങ്കടപ്പെടുന്നവരാണു്. പക്ഷേ അവരുടെ ആഗ്രഹങ്ങളും ആത്മനിവേദനങ്ങളും കൊണ്ടു് ഒരു ഫലവുമില്ല.

ജനകീയ വ്യവസ്ഥിതിയിൽ അങ്ങനെയും ഒരു പ്രതിഭാസമുണ്ടു് — ഭൂരിപക്ഷത്തിന്റെ ഇംഗിതം നടക്കാതിരിക്കുക എന്നു് ! ഇതു് വിദ്യാഭ്യാസമണ്ഡലത്തിലാണു് ഏററവും പ്രത്യക്ഷമായി കാണുന്നതു്. അഞ്ഞൂറോ ആയിരമോ ചെറുപ്പക്കാർ കാലത്തു് വീട്ടിൽ നിന്നു് കിട്ടുന്നതും കഴിച്ചു്, പൊതിച്ചോറും കെട്ടി, ബസ്സിലും തീവണ്ടിയിലും ഞെരുങ്ങിക്കയറി വിദ്യാലയത്തിൽ വരുന്നു. വല്ലതും നാലക്ഷരം പഠിക്കണമെന്നല്ലാതെ അവർക്കു് ഒരു ഉദ്ദേശവുമില്ല. പക്ഷേ രാഷ്ട്രീയക്കാരിൽനിന്നു് ഉദ്ദേശവും അച്ചാരം വാങ്ങിക്കൊണ്ടു് മറെറാരുത്തൻ തലേദിവസം തന്നെ കാത്തു കിടക്കുന്നുണ്ടു്. അവൻ കള്ളം പറഞ്ഞോ, കാപ്പി വാങ്ങിക്കൊടുത്തോ, നാലഞ്ചു പേരെക്കൂടി കൂട്ടുപിടിക്കുന്നു. ഇവർക്കു് വിദ്യാർത്ഥിജീവിതത്തിൽ ഒന്നും നഷ്ടപ്പെടാനില്ല. എന്തെങ്കിലും നേടാമെന്നു കരുതി വിദ്യാലയത്തിൽ ചേർന്നവരുമല്ല. ഇതു വളരെ സമപ്രായക്കാരെ ഒന്നിച്ചു കാണുമ്പോൾ ഇരിപ്പുറയ്ക്കു



Digitized by Kerala Sahitya Akademi

ഷിക്കില്ലെന്നും ഒരു സുഖക്കേടുമുണ്ട്. ആ മഹാ സമൂഹത്തിന്റെ മുമ്പിൽ ഒന്ന് 'വിലസണം'! ഇങ്ങനെയുള്ളവരെ തിരഞ്ഞുപിടിക്കാൻ രാഷ്ട്രീയക്കാർക്ക് ഒരു വിശേഷ വാസനയുണ്ട്. 'രാഷ്ട്രീയം' എന്ന് പറയുന്ന തൊഴിലുതന്നെ ഇങ്ങിനെയുള്ളവർ സൃഷ്ടിച്ചതല്ലെ എന്ന് സംശയിക്കണം. ഏതായാലും ഈ സാഹസികന്മാർ എന്തെങ്കിലും ഒരു കാരണമുണ്ടാക്കി, കൂകിവിളിച്ച്, ക്ലാസ്സുകളിൽ കയറി, എല്ലാം അലങ്കോലപ്പെടുത്തി, അന്നത്തെ പഠിപ്പെങ്കിലും മുടക്കുന്നതിൽ വിജയിക്കുന്നു. ഈ പരിപാടി ദിവസവുമെന്നപോലെ രാജ്യമാകെ നടന്നുകൊണ്ടിരിക്കുകയാണ്. അതും ഒരു മൗലികാവകാശത്തിന്റെ സ്വഭാവം കൈക്കൊണ്ടിരിക്കുന്നു. ആർക്കും അതു തടയുവാൻ അധികാരമോ അവകാശമോ ഇല്ല. തടയുവാൻ ശ്രമിച്ചാൽ വിദ്യാലയാദ്ധ്യക്ഷനായാലും ശരി കൈയ്യേറ്റത്തിന് വിധേയനാകും. പോലീസിനെ വിളിച്ച് ബലം പ്രയോഗിച്ചാൽ, ജനങ്ങൾ തലോടുകയും താലോലം പാടുകയും ചെയ്യാതെ വിദ്യാർത്ഥി മർദ്ദനം നടത്തി എന്ന മുറവിളിയുണ്ടാകും. ഉടനെ അന്വേഷണമായി, പോലീസുദ്യോഗസ്ഥന്മാർക്ക് സ്ഥലം മാററമായി, ശിക്ഷയായി. ഒന്നു രണ്ടു വിദ്യാർത്ഥികൾ ആസ്പത്രിയിലാവുകയോ മരിക്കുകയോ ചെയ്താൽ പിന്നെ രാജ്യമാകെ കലാപം തന്നെ.

എത്ര സമർത്ഥമായിട്ടാണ് വിദ്യാർത്ഥിലോകത്തെ ഈ നിലയിൽ എത്തിച്ചതു് എന്നാലോചിച്ചാൽ അതിന്റെ പിന്നിലുള്ള പരിപാടിയെപ്പററി ആർക്കും ബഹുമാനം തോന്നും. അടുത്ത കാലത്തായി ഈ പുതിയ വിദ്യാഭ്യാസ പദ്ധതിയിൽ വ്യാപൃതരായി തുടരെ സാഹസം പ്രവർത്തിക്കുന്നവർക്ക് ഗുണവും ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. എന്നാലും, ഒരു ഊഹക്കണക്കു നോക്കിയിട്ട് ഈ ഭാഗ്യശാലികളുടെ എണ്ണം ലക്ഷത്തിന് ഒന്നുപോലും വരുന്നില്ല. കേരളത്തിൽ തന്നെ നാല്പതു ലക്ഷത്തിൽപരം വിദ്യാർത്ഥികളുണ്ടല്ലൊ. ഇവരിൽ എട്ടോ പത്തോ പേർക്ക് പ്രമാണിത്തം ലഭിക്കുന്നതിനു വേണ്ടിയാണ് ബാക്കിയുള്ളവരെല്ലാം വിദ്യാലയജീവിതം പാഴാക്കേണ്ടി വന്നിരിക്കുന്നതു്. എന്തൊരു ഭയങ്കരമായ ദ്രോഹമാണ് ഈ ജനാധിപത്യയുഗത്തിൽ വിദ്യാഭ്യാസത്തിന്റെ പേരിൽ നടക്കുന്നതു് എന്നു നോക്കുക!

ഇതു് ആരും അറിയാതെ വളർന്നതൊന്നുമല്ല. എല്ലാവരും അറിഞ്ഞതാണ്. രക്ഷാകർത്താക്കളും വിദ്യാഭ്യാസ പ്രവർത്തകരും പൊതുകാര്യപ്രസക്തന്മാരായ നമ്മളിൽ പലരും ഈ വിഷവൃക്ഷത്തിന് വളം വച്ചവരുമാണ്. പരമ നീചമായ തെമ്മാടിത്തം കാണിക്കുന്നവനോടുപോലും, സംഭവം കഴിഞ്ഞാൽ എല്ലാവർക്കും ദാക്ഷിണ്യം ഉളവാകും. ''കുട്ടികളല്ലെ! വിവരമില്ലാതെ വല്ലതുമൊക്കെ ചെയ്യും. അതിന് ഇത്ര വളരെ കഠിന നടപടികൾ എടുത്താലോ? അവരുടെ ജീവിതം പാഴായിപ്പോവുകയില്ലെ. ച്ഛെ! ച്ഛെ! ശിക്ഷയൊന്നും വേണ്ട. മാപ്പുകൊടുക്കണം.'' എന്ന മട്ടിൽ ന്യായവാദം നടത്തുവാൻ എത്രയോ ആളുകളുണ്ടാകും. അവർ മൂലം ബാക്കിയുള്ള നാല്പതു ലക്ഷത്തിന്റെ ജീവിതം പാഴാകുന്നതിൽ ഈ ദാക്ഷിണ്യമൂർത്തികൾക്ക് ഖേദമില്ല. രക്ഷാകർത്താക്കളുടെ ഹൃദയവേദനയെപ്പററി ആർക്കും ചിന്തയില്ല. ഒരിക്കലല്ല, ഒൻപതു തവണ മാപ്പുകൊടുത്തു് ഗുണദോഷിച്ചതാണെന്നും, രക്ഷാകർത്താവിനെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞപ്പോൾ വഴിയേ പോയവനെ കൂലികൊടുത്തു് കൂട്ടിക്കൊണ്ടുവന്നു എന്നും തെളിവു കാണിച്ചാലും, പിന്നെയും ദാക്ഷിണ്യത്തിനു വേണ്ടി വാദിക്കുന്ന മഹാമനസ്കന്മാരുണ്ട്. അദ്ധ്യാപകരുടെ ഇടയ്ക്കും ഭരണാധികാരികളുടെ ഇടയ്ക്കും ഇങ്ങനെയുള്ളവരെ കാണാം. അപാത്രത്തിലുള്ള ഈ ദാക്ഷിണ്യമാണ് നമ്മുടെ വിദ്യാഭ്യാസത്തെ നശിപ്പിച്ചതു്. ഏതു മാനദണ്ഡം വച്ചു നോക്കിയാലും അക്ഷന്തവ്യമായ കുററം ചെയ്യുവന്റെ പേരിൽ ഇത്ര വളരെ ദാക്ഷിണ്യമെന്തിന് ? അതിന് ആരും വഴിപ്പെടാതിരുന്നെങ്കിൽ ഈ വിദ്യാർത്ഥിദ്രോഹം പണ്ടേയ്ക്കു പണ്ടേ നിൽക്കുമായിരുന്നു. ഒരുത്തനെയെങ്കിലും വിദ്യാഭ്യാസരംഗത്തു നിന്ന് എന്നെന്നേയ്ക്കുമായി ബഹിഷ്കരിച്ചാൽ മതിയായിരുന്നു. ആദ്യം ശിക്ഷിക്കുകയും അടുത്ത ദിവസം ദാക്ഷിണ്യത്തിന്റെ പേരിൽ അകത്തു കയററുകയുമാണ് ഇന്നുവരെ നടന്നിട്ടുള്ളതു്.



Digitized by Kerala Sahitya Akademi

ഈ നട്ടെല്ലില്ലാത്ത നയം കുററം ചെയ്യുവനെ വീരപുരുഷനാക്കുവാൻ മാത്രമേ ഉതകിയിട്ടുള്ളു. വിദ്യാർത്ഥിയാണെങ്കിൽ എന്തും ചെയ്യാം; ഒരു കുഴപ്പവും വരുകയില്ല എന്ന വിശ്വാസം അടിയുറച്ചുപോകും. വിദ്യാർത്ഥികളിൽ നിന്നു് മുതിർന്നവരിലേക്കും ഈ ദാക്ഷിണ്യം നീളേണ്ടതാണെന്ന അഭിപ്രായവും പുറകേ തന്നെ ഉണ്ടാകും. ഗാന്ധിജിയെ വെടിവച്ചു കൊന്ന ഗോഡ്സെയെ തൂക്കുമരത്തിൽ നിന്നു് രക്ഷിക്കണമെന്ന അഭിപ്രായം ഉണ്ടായതാണു്. ഭാഗ്യവശാൽ അന്നത്തെ ഗവർമെൻറു് അതിനു വഴിപ്പെട്ടില്ല. വഴിപ്പെട്ടെങ്കിൽ കൊലപാതകികളും ഇന്നു് വീരപുരുഷന്മാരാകുമായിരുന്നു.

എന്നാലും കാലമെല്ലാം മാറിപ്പോയെന്നു് പറയാതെ തരമില്ല. ഭരണവും സമരവും ഒന്നിച്ചു നടത്തുന്ന ഗവണ്മെൻറുകൾ നിലവിൽ വന്നിരിക്കുകയാണു്. ''പോലീസിനെ വിളിക്കും'' എന്നു് ഭീഷണിപ്പെടുത്തിയാൽ, പുച്ഛരസത്തിൽ പൊട്ടിച്ചിരിച്ചുകൊണ്ടു്, ''സാറേ, ഞങ്ങൾ മന്ത്രിയുടെ അടുത്തുനിന്നാണു വരുന്നതു്. പോലീസുകാരൻ മന്ത്രി പറയുന്നതു കേൾക്കുമോ ?'' ''സാറു പറയുന്നതു് കേൾക്കുമോ'' എന്നു ചോദിക്കുന്ന കാലമാണു്. പക്ഷേ, ഒരു കാര്യം തീർച്ചയാണു്. വിദ്യാർത്ഥികളെ പോരാളികളായും വിദ്യാലയങ്ങളെ പോർക്കളങ്ങളായും മാററുന്ന ഈ ഘോരപാതകം എന്നെങ്കിലും ഒരിക്കൽ അവസാനിപ്പിക്കേണ്ടിവരും. 1956-ൽ ഹംഗറിയിലും, 1968-ൽ ഫ്രാൻസിലും, 1969-ൽ ചൈനയിലും ഉണ്ടായ അനുഭവം അതാണു്. അന്നു് സൂചികൊണ്ടു് എടുക്കേണ്ടതു് തൂമ്പാകൊണ്ടു് എടുക്കും. പ്രത്യയശാസ്ത്രവിപ്ലവത്തിൻെറ പേരിലും, തന്നെത്തന്നെ രക്ഷിക്കുവാൻ വേണ്ടി ഒരു ലക്ഷത്തിനെ ദ്രോഹിക്കുന്ന ക്രൂരമായ ദാക്ഷിണ്യത്തിൻെറ പേരിലും ഈ പരിപാടിയെ വളർത്തിയവർ തന്നെ ടാങ്കുകളും വിമാനങ്ങളും ഉപയോഗിച്ചു് ഒരു തലമുറയെ മുഴുവനും സംഹരിക്കും. അഥവാ ഡിഗാളിനെയും മാവോസേതൂങ്ങിനെയും പോലെ ധൈര്യപൂർവ്വം പ്രവർത്തിക്കുവാൻ ഭരണാധികാരികൾ മടിക്കുകയാണെങ്കിൽ, സ്വൈരജീവിതം കാംക്ഷിച്ചു് സഹികെട്ട ജനസഞ്ചയം തന്നെ ശിക്ഷാനടപടികൾ കൈക്കൊള്ളും. രണ്ടുകൊല്ലം മുമ്പു് അമേരിക്കൻ ഐക്യനാടുകളിൽ ഇതു സംഭവിച്ചു. നീലക്കുപ്പായമണിഞ്ഞ മെയ്യാട്ട വേലക്കാർ കട്ടപ്പാരയും കുറുവടിയും എടുത്തു് വിദ്യാർത്ഥിബഹളങ്ങൾ ഒതുക്കി.

ഒരർത്ഥത്തിൽ വിദ്യാലയങ്ങളുടെയും കൂട്ടത്തോടെയുള്ള അദ്ധ്യാപനത്തിൻെറയും കാലം കഴിഞ്ഞു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ബഹളത്തിനു സൗകര്യം കൊടുക്കുവാൻ മാത്രം ഉപകരിക്കുന്ന ഈ വ്യവസ്ഥിതി തുടരുന്നതെന്തിനു്? പഠിക്കണമെന്നുള്ളവർ റേഡിയോയും ടെലിവിഷനും ഉപയോഗിച്ചു് വീട്ടിലിരുന്നു് പഠിച്ചുകൊള്ളണം എന്നുവരും. വിദ്യാർത്ഥിസമരംമൂലം അദ്ധ്യാപകർക്കും, അദ്ധ്യാപകസമരംമൂലം വിദ്യാർത്ഥികൾക്കും, രണ്ടുകൂട്ടരുംമൂലം പൊതുജനങ്ങൾക്കും, സ്വൈരക്കേടും സമയനഷ്ടവും ധനവ്യയവും ഉണ്ടാകാതിരിക്കുവാൻ അതേ വഴികാണുന്നുള്ളു. പട്ടാളച്ചിട്ടയിൽ കുറഞ്ഞ ഒരു നിയന്ത്രണവും യുവജനസമൂഹങ്ങളുടെ കാര്യത്തിൽ ഫലപ്രദമാവുകയില്ല എന്നു് തെളിഞ്ഞുകഴിഞ്ഞു.

അച്ചടക്കത്തെക്കുറിച്ചുള്ള ഈ ചിന്തകളാണു് ഫാദർ കണ്ടെബറിയുടെ സേവനത്തെ അനുസ്മരിച്ചപ്പോൾ എൻെറ മനസ്സിൽ ഉണ്ടായതു്. അദ്ദേഹത്തിനു് ആത്മാർത്ഥമായ അഭിനന്ദനങ്ങൾ നൽകുന്നതോടൊപ്പം, ദീർഘായുസ്സും സകലവിധ ശ്രേയസ്സുകളും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസപ്രവർത്തനത്തിലൂടെ ഈശ്വരനെ സേവിക്കുവാൻ വ്രതബദ്ധനായ അദ്ദേഹത്തിൻെറ യത്നങ്ങൾ വിജയിക്കുമാറാകട്ടെ.



Digitized by Kerala Sahitya Akademi